# നഗരസഭാ കാര്യാലയം

## ആലപ്പുഴ

**ഭരണഭാഷ – മാതൃഭാഷ**

പ്രേഷകൻ

സെക്രട്ടറി

ഫോൺ : 0477 2251792

E-mail Id:secretaryalappuzha@gmail.com

==========================================================================

നമ്പർ. E5-27805/21. തീയതി : 24/6/2023

സ്വീകർത്താവ്

ശ്രീ. ചന്ദ്രൻ.പി.,
കൺവീനർ & ഇന്റേണൽ വിജിലൻസ് ഓഫീസർ,
ഉപജില്ലാ അദാലത്ത് സമിതി,
ആലപ്പുഴ.

സർ,

വിഷയം:–ആലപ്പുഴ നഗരസഭ–എഞ്ചിനീയറിംഗ് വിഭാഗം– ഉപജില്ലാ അദാലത്ത് സമിതി തീരുമാനം അറിയിക്കുന്നത് – സംബന്ധിച്ച്.

സൂചന : – താങ്കളുടെ 17/6/23–ലെ IVO0/2/2023/86/23 –ാം നമ്പർ കത്ത്.

************

സൂചന കത്തിൽ അറിയിച്ചത് പ്രകാരം 5/6/23–ലെ ഉപജില്ലാ അദാലത്ത് സമിതി തീരുമാനം പരാതിക്കാരനായ ശ്രീ. നാസർ, എം.കെ. മൻസിൽ, മുല്ലാത്ത് വളപ്പ് വാർഡ്, ആലപ്പുഴ എന്ന വ്യക്തിയെ അറിയിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണെന്ന വിവരം താങ്കളെ അറിയിക്കുന്നു. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

മുനിസിപ്പൽ സെക്രട്ടറി.

MUNICIPAL SECRETARY
ALAPPUZHA

# നഗരസഭാ കാര്യാലയം

## ആലപ്പുഴ

ഭരണഭാഷ – മാതൃഭാഷ


പ്രേഷകൻ

സെക്രട്ടറി

ഫോൺ : 0477 2251792

E-mail Id:secretaryalappuzha@gmail.com


==========================================================================

നമ്പർ. E5-27805/21.

തീയതി : 24/6/2023

സ്വീകർത്താവ്

ശ്രീ. നാസർ & സാജു നാസർ,
എം.കെ.മൻസിൽ,
മുല്ലാത്തുവളപ്പ് വാർഡ്,
ആലപ്പുഴ.

സർ,

വിഷയം:-ആലപ്പുഴ നഗരസഭ-എഞ്ചിനീയറിംഗ് വിഭാഗം- ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന് – സംബന്ധിച്ച്.

സൂചന : – (1) താങ്കളുടെ 14/2/23-ലെ 3981/23-ാം നമ്പർ അപേക്ഷ.
(2) 5/6/23-ലെ ആലപ്പുഴ ഉപജില്ലാ അദാലത്ത് സമിതി തീരുമാനം.

************

സൂചന (1) പ്രകാരം സമർപ്പിച്ച ഒക്യൂപ്പൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട് ഡോക്കറ്റ് നം. BPALP10185000001 ആയി ഉപജില്ലാ അദാലത്ത് സമിതി മുമ്പാകെ താങ്കൾ നൽകിയ പരാതിയിൽ സൂചന (2) പ്രകാരം തീരുമാനം ലഭ്യമായിട്ടുള്ളതാണ്. തീരുമാനം താഴെ പറയുന്നു.

കെ.എം.ബി.ആർ. 2019 ചാപ്റ്റർ 3 റൂൾ 23 പ്രകാരം ആവശ്യമായ 2 മീറ്റർ കുറഞ്ഞ അകലം വഴിയിൽ നിന്നും പ്രസ്തുത കെട്ടിടത്തിന് ലഭ്യമല്ല. പെർമിറ്റ് നൽകിയ പ്ലാൻ പ്രകാരം അകലം ലഭ്യമായിരുന്നെന്നും, തുടർന്ന് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പാസ്സേജ്, ബാൽക്കണി എന്നിവ പ്രൊജക്ട് ചെയ്ത് നിർമ്മിച്ചതിനാലാണ് ഇപ്രകാരം ചട്ടലംഘനം സംഭവിച്ചിരിക്കുന്നതെന്നും, മുനിസിപ്പാലിറ്റിയിൽ

നിന്നും ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ മനസിലാകുന്നു. കെ.എം.ബി.ആർ. 3(5) Appendix M പ്രകാരം നിർബന്ധമായും പാലിക്കേണ്ടതും Exemption ലഭിക്കുന്നതിന് പരിഗണിക്കാത്തതുമായ പ്രസ്തുത ചട്ടം ലംഘിച്ചിട്ടുള്ളതിനാൽ ചട്ടം പാലിക്കുന്നവിധത്തിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ പെർമിറ്റഡ് പ്ലാൻ പ്രകാരമല്ലാതെ നിർമ്മിച്ചിരിക്കുന്ന ഭാഗം പുന:ക്രമീകരിച്ച് അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകുന്നതിനും, പുന:സമർപ്പിക്കുന്ന അപേക്ഷയിൽ ചട്ടപ്രകാരം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

മേൽ തീരുമാന പ്രകാരം ചട്ടലംഘനങ്ങൾ ഒഴിവാക്കി അപേക്ഷ പുന:സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

മുനിസിപ്പൽ സെക്രട്ടറി.

MUNICIPAL SECRETARY
ALAPPUZHA

27-06-23.
DESPATCHED